# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1252 | 07.06.2018-ൽ മറുപടിയ്ക്ക്

## കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (എ) ചില പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ട്. കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും തന്നെ ഡി.പി.ആർ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കിയ ശേഷം, സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി സൈറ്റിൽ വിശദമായ സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. ഇത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് നടപ്പിലാക്കുന്നത്. ടി സാധ്യതാ പഠനത്തിന്റെ പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാമ്പത്തികാനുമതിയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇതിനു പുറമെ ടി പ്രവൃത്തികളിൽ പാലം ഉണ്ടെങ്കിൽ ഇതിന്റെ വിശദമായ ഡിസൈൻ ചെയ്യേണ്ടതുണ്ട്. ടി പ്രവൃത്തികൾ എല്ലാം തന്നെ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രാരംഭ നടപടി ക്രമങ്ങളാണ്. ഡി.പി.ആർ സാമ്പത്തികാനുമതിയ്ക്ക |

സമർപ്പിക്കുന്നതിന് മുന്നോടിയായി ഈ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

| നം. | വർക്കിന്റെ പേര് | പ്രവൃത്തിയുടെ ഘട്ടം |
|---|---|---|
| | 2016-17 | |
| 1 | പേട്ട - ആനയറ - ഒരുവാതിൽകോട്ട റോഡ് | അലൈൻമെന്റ് അംഗീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടി തുടർന്ന് വരുന്നു. |
| 2 | വഴയില- പഴകുറ്റി കച്ചേരിനട റോഡ് നാലുവരി പാത- 11-ാം കല്ല് | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കിഫ്ബി അംഗീകരിച്ചു. അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ദർഘാസ് നടപടികൾ പൂർത്തിയായി |
| 3 | നെടുമങ്ങാട്- വെള്ളനാട്- അരുവിക്കര റോഡ് | അലൈൻമെന്റ് അംഗീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായി. അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ദർഘാസ് നടപടികൾ പൂർത്തിയായി |
| 4 | വെഞ്ഞാറമൂട് റിംഗ് റോഡ് | കലുങ്കുകളുടേയും സംരക്ഷണ ഭിത്തികളുടേയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 5 | പാലോട് - ബ്രൈമൂർ റോഡ് | റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവൃത്തി, കലുങ്കുകൾ, ചെറിയ പാലങ്ങൾ, ഓടകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൽ പുരോഗമിക്കുന്നു. |
| 6 | വാമനപുരം- ചിറ്റാർ റോഡ് | പ്രവൃത്തി ആരംഭിച്ചു. കലുങ്കുകളുടേയും ഓടകളുടേയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 7 | 50 എം.എം. ബി.എം & 30 എം.എം ബി.സി ഉപയോഗിച്ച് അമരവിള - ഒറ്റശേഖര മംഗലം റോഡ് പുനരുദ്ധാരണം. കി.മീ, 0/000 മുതൽ 12/200 വരെ | ഓട, കലുങ്ക്, സൈഡ് വാൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 8 | മുള്ളറവിള - ആയയിൽ പാലം | ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 9 | കന്നിപ്പുറം പാലം നിർമ്മാണം | ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 10 | ആലംകോട് - മീരാൻകടവ്- അഞ്ചുതെങ്ങ് മുതലപ്പൊഴി റോഡ് | സാമ്പത്തികാനുമതി ലഭ്യമായി. സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ നടന്നു വരുന്നു |
| 11 | ശിവഗിരി - റിംഗ് റോഡ് | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 12 | മുതലപ്പൊഴി- വെട്ടൂർ - വർക്കല, നടയറ- പാരിപ്പള്ളി റോഡുകൾ | സാമ്പത്തികാനുമതി ലഭ്യമായി. സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ നടന്നു വരുന്നു |
| 13 | ചെറുന്നിയൂർ -ഒറ്റിയൂർ - മണമ്പൂർ - കിളിമാനൂർ റോഡ് | ടെണ്ടർ നടപടികൾ പൂർത്തിയായി |
| 14 | കുടുവീട്ടിൽക്കടവ് പാലം നിർമ്മാണം | ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 15 | കുമ്പിച്ചൽക്കടവ് പാലം നിർമ്മാണം | ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചു. Forest ന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 16 | തെറ്റിവിള -നെല്ലിവിള -കക്കാമൂല കാട്ടുകുളം രോഡ് | ടി പ്രവൃത്തിയുടെ അലൈൻമെന്റ് ആഴാകുളം - മുട്ടയ്ക്കാട് - പനങ്ങോട്-കാട്ടുകുളം-നെല്ലിവിള-തെറ്റിവിള എന്ന് 30/5/2018ൽ പുതുക്കിയുള്ള സർക്കാർ തീരുമാനം ഉണ്ടായിട്ടുണ്ട്. |
| | 2017-18 | |
| 1 | മണ്ണന്തല - പൗഡിക്കോണം റോഡ് | സാമ്പത്തികാനുമതിയ്ക്കുള്ള ഡി.പി.ആർ തയ്യാറാക്കി കൊണ്ടിരിക്കുന്നു. |
| 2 | പഴകുറ്റി -മംഗലപുരം റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 3 | പഴയചന്ത - കുടവനാട് റോഡ് | ഈ പ്രവൃത്തിയുടെ പേര് മാറ്റുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | വെഞ്ഞാറമൂട് ബൈപ്പാസ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. പാലങ്ങളുടെ ഡിസൈൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 5 | വെള്ളായണി കായലിൽ കക്കാമൂല ബണ്ട് റോഡിന് സമാന്തരമായ പാലം നിർമ്മാണം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 6 | വക്കം - അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കര പാലം നിർമ്മാണം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. പ്രസ്തുത റിപ്പോർട്ട് ഡിസൈൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |
| 7 | ശിവഗിരി തൊടുവേ പാലം ശിവഗിരി പാലം അപ്രോച്ച് റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| 8 | തിരുവനന്തപുരം- നെയ്യാർഡാം റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. പാലങ്ങളുടെ ഡിസൈൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 9 | നവായിക്കുളം- കുടവൂർ റിംഗ് റോഡ് | ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 10 | ആഴാംകോട് - ആലംകോട് റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു |
| 11 | വിതുര - ബോണക്കാട് റോഡ് | ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. TAR നുള്ള മറുപടി തയ്യാറാക്കി വരുന്നു. |
| 12 | പശുവണ്ണറ- അരുവിക്കര- കീഴാരൂർ റിംഗ് റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 13 | അമരവിള- കുട്ടപ്പന ശൂരവകാണി ആര്യകാണി റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി നടന്നു വരുന്നു. |
| 14 | കരമന- നെടുങ്കാട്-കാലടി റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| 15 | മണക്കാട്- ആറ്റുകാൽ ക്ഷേത്രം റോഡ് | ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| 16 | കിള്ളി- ഇ.എം.എസ് അക്കാഡമി റോഡ് | ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| 17 | പുളിയറക്കോണം- കുഴക്കാട് ക്ഷേത്രം റോഡ് | ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| 18 | പൊട്ടൻകാവ്-നെല്ലിക്കാട്- ചീനിവിള- ഊന്നാംപാറ- തൂങ്ങാംപാറ-തിരാളിക്കുഴി-മുണ്ടുകോണം റോഡ് | ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |

**മലയോര ഹൈവേ**

| നം. | വർക്കിന്റെ പേര് | പ്രവൃത്തിയുടെ ഘട്ടം |
|---|---|---|
| 1 | കുടപ്പനമൂട് മുതൽ പാറശ്ശാല വരെയുള്ള റോഡ് പുനരുദ്ധാരണം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 2 | കള്ളിക്കാട് മുതൽ കുടപ്പനമൂട് വരെയുള്ള റോഡ് പുനരുദ്ധാരണം | 55 കോടി രൂപയുടെ സാമ്പത്തികാനുമതി 2/6/2018 ന് കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| 3 | കൊല്ലായിൽ മുതൽ കള്ളിക്കാട് വരെയുള്ള റോഡ് പുനരുദ്ധാരണം | ടി റോഡിൽ 21.08 കി.മീ., 9.45 കി.മീ വീതം രണ്ട് പ്രവൃത്തികളായി ഡി.പി.ആർ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |